# ‘കഷ്ടത എന്ന വരം’

## ഫിലിപ്പിയർ 1:29

**“ക്രിസ്തുവിൽ വിശ്വസിപ്പാൻ മാത്രമല്ല അവന്നുവേണ്ടി കഷ്ടം അനുഭവിപ്പാനും കൂടെ നിങ്ങൾക്കു വരം നൽകിയിരിക്കുന്നു.”**

നമുക്ക് നമ്മുടെ സുഹൃത്തിനോട് അതിയായ സ്നേഹം ഉണ്ടെന്നു പറയാൻ വളരെ എളുപ്പമാണ് എന്നാൽ പലപ്പോഴും ആ സുഹൃത്ത് ഒരു പ്രതിസന്ധിയിലൂടെയോ പ്രതികൂലത്തിലൂടെയോ കടന്നു പോകുമ്പോൾ പലപ്പോഴും നമ്മുടെ സ്നേഹം വാസ്തവത്തിൽ പ്രകടമാക്കാൻ നമുക്ക് സാധിച്ചെന്നു വരികയില്ല. കാരണം, പറയുവാൻ വളരെ എളുപ്പമാണ് പക്ഷെ പ്രവൃത്തിക്കുവാൻ വളരെ ബുദ്ധിമുട്ടും ആണ്. അതുപോലെ തന്നെയാണ് ഇവിടെ പൗലോസ് പറയുന്ന ഈ വാക്യവും നമുക്ക് വ്യക്തമാക്കി തരുന്നത്. ക്രിസ്തുവിൽ വിശ്വസിക്കുന്നു എന്നു നമുക്ക് നമ്മുടെ വായികൊണ്ട് ഏറ്റുപറയാൻ എളുപ്പമാണ്. എന്നാൽ അവന്നു വേണ്ടി കഷ്ടം അനുഭവിക്കേണ്ടി വരുന്ന സന്ദർഭങ്ങളിൽ പലപ്പോഴും നാം ഒരു പിന്മാറ്റത്തിന്റെ അല്ലെങ്കിൽ പിറുപിറുപ്പിന്റെ അവസ്ഥയിൽ ആയിപ്പോകുന്നു. എന്താണിതിന്നു കാരണം. കഷ്ടം എന്നത് ഒരു ദൈവവരമായി നമുക്ക് കാണാൻ കഴിയുന്നില്ല എന്നതു തന്നെ.

ദൈവം ഒരു വരം തന്നനുഗ്രഹിക്കാം എന്നു നമ്മോട് പറയുകയാണെങ്കിൽ നാം ആദ്യമേ നല്ല നല്ല കാര്യങ്ങളായിരിക്കും ചോദിക്കുക. വിശ്വാസത്തിൽ വളരുന്നതിന്നും, ആത്മാവിന്റെ നൽവരങ്ങളും അങ്ങനെ ഒക്കെ നീളുന്നു അത്. എന്നാൽ ക്രിസ്തുവിന്നു വേണ്ടി കഷ്ടം അനുഭവിപ്പാൻ ദൈവത്തോട് വരം ചോദിച്ചു വാങ്ങാൻ നമ്മിൽ എത്രപേർക്ക് സാധിക്കും. എന്നാൽ ദൈവവചനത്തിൽ പറഞ്ഞിരിക്കുന്നു ‘വിശ്വസിപ്പാൻ മാത്രമല്ല ക്രിസ്തുവിന്നു വേണ്ടി കഷ്ടം അനുഭവിപ്പാൻ കൂടെ വരം നൽകിയിരിക്കുന്നു’ എന്ന്. ക്രിസ്തുവിന്നുവേണ്ടി കഷ്ടം അനുഭവിക്കുക എന്നു പറയുമ്പോൾ ചിലപ്പോൾ നാം ജീവിതത്തിൽ അമൂല്യമായത് എന്നു കരുതി വെച്ചിരിക്കുന്ന പലതിന്നേയും നഷ്ടപ്പെടുത്തേണ്ടി വന്നേക്കാം. പൗലോസ് റോമാലേഖനത്തിൽ പറയുന്നുണ്ട് ‘നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സു വിചാരിച്ചാൽ ഈ കാലത്തിലെ കഷ്ടങ്ങൾ സാരമില്ല എന്നു ഞാൻ എണ്ണുന്നു’ എന്ന്.

നമ്മുടെ പാപങ്ങളെല്ലാം വഹിച്ച് നമ്മെ നിത്യമായ മരണത്തിൽ നിന്നു രക്ഷിച്ച് നിത്യമായ ജീവൻ പകർന്നു നൽകുവാൻ വേണ്ടി അവൻ തന്റെ സ്വന്ത ജീവനെ നൽകുവാൻ

തയ്യാറായി. എന്നാൽ നാം ഇന്നു ആ ജീവന്റെ തുടിപ്പ് നമ്മുടെ ജീവിതത്തിൽ അനുഭവിക്കുമ്പോൾ നമുക്ക് വരുന്ന കഷ്ടങ്ങളൊന്നും സാരമില്ല എന്ന് എണ്ണുവാൻ പഠിക്കണം, കാരണം അതിലൂടെ അവൻ നമ്മെ നിത്യമായ തേജസ്സിലേക്ക് നടത്തുവാൻ പോവുകയാണ്. നാം മക്കൾ എങ്കിലോ അവകാശികളും ആകുന്നു; ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിന്നു കൂട്ടവകാശികളും തന്നേ; നാം അവനോടുകൂടെ തേജസ്കരിക്കപ്പെടേണ്ടതിന്നു അവനോടുകൂടെ കഷ്ടമനുഭവിച്ചാലത്രേ. അതിന്നായി ദൈവത്തിന്റെ അതിപരിശുദ്ധറൂഹാ നമ്മെ സഹായിക്കുമാറാകട്ടെ.

**പരാമർശം:**
റോമർ 8:28

"എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്കു, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നേ, സകലവും നന്മെക്കായി കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു"

**ബ്രദർ. ബിനു ബേബി ആലപ്പുഴ 096**